# KERALA POLICE INFORMATION CENTRE

No.13/PR/PIC/PHQ/10 Date : 09/02/10

## കൊല്ലം-കോവളം റോഡ് സുരക്ഷാപദ്ധതി ഉദ്ഘാടനം

## ഫെബ്രുവരി 10 ന് ആറ്റിങ്ങലിൽ

കേരളത്തിലെ റോഡുകളിൽ അപകടങ്ങളിൽപ്പെട്ട് നിരവധി വിലപ്പെട്ട ജീവനുകളാണ് പൊലിയുന്നത്. ധാരാളം ആളുകൾ അപകടങ്ങളെതുടർന്ന് ഗുരുതരമായി പരിക്കേറ്റ് ജീവച്ഛവങ്ങളായി മാറുന്നു. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക, മനുഷ്യജീവൻ കഴിയുന്നത്ര രക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും നിരവധി കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരളത്തിൽ റോഡ് സുരക്ഷയുടെ കാര്യത്തിൽ സത്വരമായ ശ്രദ്ധ പതിയേണ്ട ഒരു റോഡാണ് കൊല്ലം മുതൽ കോവളം വരെയുള്ള നാഷണൽ ഹൈവേ. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആയിരത്തിലധികം പേർ ഇവിടെ റോഡപകടങ്ങളിൽ മരിക്കാൻ ഇടയാവുകയും പതിനായിരത്തോളം പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുമുണ്ട്. ശരാശരി 70 മീറ്ററിനുള്ളിൽ ഒരു മരണം സംഭവിച്ചിരിക്കുന്നു. ഏതെങ്കിലും അപകടം ഉണ്ടായ ഒരു സ്ഥലം ഈ റോഡിൽ എവിടെയും കാണാൻ കഴിയും. അതുകൊണ്ട് തന്നെ വളരെയേറെ അപകട സാദ്ധ്യതയുള്ള ഈ റോഡിന്റെ പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് വേണ്ടിയുള്ള പരിശ്രമം ആരംഭിക്കുകയാണ്. ഇതിന്റെ ഭാഗമായി കോവളം മുതൽ കൊല്ലം ഉളിയക്കോവിൽവരെയുള്ള 70 കി.മീ. ഹൈവേ മാതൃകാ റോഡാക്കി മാറ്റുന്ന ചടങ്ങ് ഫെബ്രുവരി 10 വൈകുന്നേരം 4 മണിക്ക് ആറ്റിങ്ങൽ സിവിൽസ്റ്റേഷൻ അങ്കണത്തിൽവച്ച് ബഹുമാനപ്പെട്ട കേരളാ ആഭ്യന്തരവകുപ്പ്മന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ശ്രീ.ആനത്തലവട്ടം ആനന്ദൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ ശ്രീ.ജോസ് തെറ്റയിൽ, ശ്രീ.പി.ജെ ജോസഫ്, ശ്രീ.സി.ദിവാകരൻ, ശ്രീ.പാലൊളി മുഹമ്മദ്കുട്ടി, ശ്രീ.പി.കെ.ഗുരുദാസൻ എന്നിവർ ആശംസകൾ അർപ്പിക്കും. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാർ പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിക്കും. എം.പിമാരായ ശ്രീ.എ.സമ്പത്ത്, ശ്രീ.എൻ.പീതാംബരകുറുപ്പ്,എം.എൽ.എ.മാരായ ശ്രീ.ജോർജ്ജ് മെഴ്സിയർ, ശ്രീ.വി.സുരേന്ദ്രൻ പിള്ള, ശ്രീ.എം.എ വാഹീദ്., ശ്രീ.എൻ.രാജൻ, ശ്രീ.വർക്കല കഹാർ, ശ്രീ.എൻ. അനിരുദ്ധൻ, ശ്രീ.എ.എ അസ്സീസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആനാവൂർ നാഗപ്പൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

ഇതിനോടനുബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള അൻപതിന കർമ്മപദ്ധതി ചുവടെ ചേർക്കുന്നു.

- നാല് ഹൈവേ പട്രോൾ വാഹനങ്ങളുടെ സേവനം തുടർച്ചയായി ഈ മേഖലയിൽ ഉറപ്പു വരുത്തുക
- രണ്ടു സ്പീഡ് റഡാറുകൾ തുടർച്ചയായി ഈ മേഖലയിൽ ഉപയോഗിക്കുക.
- ആൽക്കോ മീറ്റർ ഉപയോഗിച്ചുള്ള drunken driving detection ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 10 മണി വരെ തുടർച്ചയായി ഉറപ്പാക്കുക.
- ഹെൽമെറ്റ് ധരിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടാൽ നിയമം പാലിക്കാൻ പ്രോത്സാഹിപ്പിക്കുക.
- സീറ്റ് ബെൽറ്റ് ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- വാഹനം ഓടിച്ചു കൊണ്ട് മൊബൈൽ ഫോണിൽ സംസാരിക്കുന്നത് കർശനമായും തടയുക.
- വളവുകളിലെ ഓവർടേക്കിംഗ് കർശനമായി നിരോധിക്കുക.
- സ്കൂൾ മേഖലയിലെയും മാർക്കറ്റ് മേഖലയിലേയും സ്പീഡ് ലിമിറ്റ് കർശനമായും പാലിക്കുക.
- മാർക്കറ്റ് മേഖലയിലെ സ്പീഡ് ലിമിറ്റ് നടപ്പാക്കുന്നതിനായി സ്പീഡ് ബാരിയറുകൾ ഉപയോഗിക്കുക. (സ്പീഡ് ബാരിയറുകൾ രാത്രി 10 മണിവരെ മാത്രം).
- രാത്രിയിൽ ലൈറ്റ് ഡിം ചെയ്യാതെ വാഹനം ഓടിക്കുന്നത് കർശനമായും തടയുക.
- ഹൈവേകളിൽ അലക്ഷ്യമായി വാഹനങ്ങൾ പാർക്കു ചെയ്യുന്നത് കർശനമായി നിയന്ത്രിക്കുക.
- അതിവേഗതാ സാദ്ധ്യതയുള്ള മേഖലയിൽ Speed Detection Camera സ്ഥാപിക്കുക.
- ദേശീയ പാതയുടെ ഓരത്തുള്ള എല്ലാ സ്കൂളുകളിലും റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുക.
- എല്ലാ സ്കൂളുകളുടെ മുന്നിലും Speed Limit Signboard കൾ സ്ഥാപിക്കുക.

The contents of this document may be deemed to be based on received information which is subject to further verification

- ഓരോ 5 കിലോമീറ്റർ ഇടവിട്ട് പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഓരോ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കുക.
- മൂന്നു മീറ്റർ റോഡ് മാർജിൻ എല്ലാ സ്ഥലത്തും clear ആക്കി സൂക്ഷിക്കുക.
- റോഡിൽ നിന്നും അൽപം മാറിയുള്ള ലഭ്യമായ സ്ഥലത്ത് പാർക്കിംഗ് സ്ഥലങ്ങൾ ഉണ്ടാക്കുക.
- അപായ സൂചന നൽകേണ്ട സ്ഥലത്തെല്ലാം അതിനു വേണ്ട ബോർഡുകൾ സ്ഥാപിക്കുക.
- സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 60 വാർണിംഗ് ലാമ്പുകൾ സ്ഥാപിക്കുക.
- ഡ്രൈവറുടെ ശ്രദ്ധകവരുന്ന പരസ്യ ബോർഡുകൾ റോഡിൽ നിന്നും മാറ്റുക.
- പെഡസ്ട്രിയൻ ക്രോസ്സിംഗ്, ദൂരക്കാഴ്ച്ചയുള്ള സ്ഥലങ്ങളിലായി നിജപ്പെടുത്തുക.
- കാൽനടക്കാരുടെ സുരക്ഷയെ സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുക.
- എല്ലാ ജംഗ്ഷനുകളിലും Line Marking, Turning Marking, സൈഡ് റോഡുകളിൽ Middle Point Marking എന്നിവ ചെയ്യുക.
- ഹൈവേയിലുള്ള അനധികൃത entry ഒഴിവാക്കുക.
- എല്ലാ സൈഡ് റോഡുകളിലും Sign Board കൾ സ്ഥാപിക്കുക.
- സൈഡ് റോഡുകളിൽ "Rumble Strips" സ്ഥാപിച്ച് അവ കാണത്തക്ക വിധം മാർക്ക് ചെയ്യുക.
- ട്രാഫിക് വാർഡന്മാരെ ഗതാഗത നിയന്ത്രണത്തിനായി ഉപയോഗിക്കുക.
- റോഡിന്റെ രണ്ട് എൻട്രി പോയിന്റുകളിലും എല്ലാ വാഹനങ്ങളുടെയും ഡ്രൈവർമാരോട് ഈ വഴിയിൽ അപകടം ഉണ്ടാക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഓരോ കാർഡ് നൽകുക.
- ടാക്സി-ഓട്ടോ ഡ്രൈവർമാരെ ഉൾപ്പെടുത്തിക്കൊണ്ട് അപകടങ്ങളിൽപെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ട്രോമാ കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- തിരക്കുള്ള സ്ഥലങ്ങളിൽ റോഡ് മാർജിനിൽ കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം റെയിലിംഗ് സ്ഥാപിക്കുക.
- പാർക്കിംഗ് ഏരിയകൾ പ്രത്യേകം മാർക്ക് ചെയ്യുക.
- ഡിവൈഡറുകളിൽ റിഫ്ലക്ടർ ലൈറ്റുകൾ ഘടിപ്പിക്കുക.
- ഓരോ 30 കിലോമീറ്ററിനുള്ളിലും ഓരോ ആംബുലൻസ് സർവീസ് ഉറപ്പാക്കുക.
- ഓരോ 500 മീറ്ററിലും Zebra Line കൾ mark ചെയ്യുക.
- സ്കൂളുകളുടെ മുന്നിൽ Electronic Pedestrian Crossing System സ്ഥാപിക്കുക.
- ആക്സിഡന്റുകൾ കൂടുതൽ ഉണ്ടാകുന്ന സ്ഥലങ്ങൾ രാത്രി പ്രകാശിതമാക്കുക.
- ഫുട്പാത്തും റോഡ് സൈഡും കയ്യേറുന്നത് ഒഴിവാക്കുക.
- റോഡുകളിൽ ആർച്ചുകളും സ്റ്റേജുകളും മറ്റും സ്ഥാപിക്കുന്നത് നിരുത്സാഹപ്പെടുത്തുക.
- ഈ പ്രോജക്ടിനാവശ്യമായ ഡിജിറ്റൽ ടെക്നോളജി സപ്പോർട്ട് ടെക്നോപാർക്ക് വഴി ലഭ്യമാക്കുക.
- ജംഗ്ഷനുകളുടെ സമാന്തരമായി സ്ഥിതി ചെയ്യുന്ന ബസ്സ് സ്റ്റോപ്പുകൾ മാറ്റി സ്ഥാപിക്കുക.
- ഓട്ടോറിക്ഷ സ്റ്റാന്റ്, ടാക്സി സ്റ്റാന്റ്, ബസ് സ്റ്റോപ്പ് തുടങ്ങിയവ ഒരേ സ്ഥലത്ത് നൽകാതിരിക്കുക.
- റോഡ് സുരക്ഷാ സന്ദേശപദയാത്ര പ്രധാനപ്പെട്ട ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുക.
- ഓരോ ആഴ്ചയിലും ഹൈവെ സുരക്ഷാ ജാഗ്രതാ സമിതികൾ യോഗം ചേർന്ന് പദ്ധതി വിജയപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ കൃത്യമായും യോഗം ചേരുകയും പദ്ധതി വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
- വ്യാപാര സ്ഥാപനങ്ങളിലെ സാധനങ്ങൾ റോഡിലിറക്കി വയ്ക്കുന്നത് പരിപൂർണ്ണമായി അവസാനിപ്പിക്കുക.
- ഓരോ പെറ്റി കേസ് പിടിക്കുമ്പോഴും പിടിക്കപ്പെടുന്നവർക്ക് റോഡ് നിയമങ്ങൾ അടങ്ങിയ ഒരു ലഘുലേഖ നൽകുക.
- പോലീസ് അലർട്ട് സർവീസ്സ് ടെലിഫോൺ നമ്പർ **(9846100100)** കഴിയുന്നത്ര വണ്ടികളിൽ പ്രദർശിപ്പിക്കുക.
- ബസ്, ടാക്സി, ഓട്ടോ, സ്കൂൾ വാൻ എന്നിവയിലെ ഡ്രൈവർമാർക്കായി പ്രത്യേകം പ്രത്യേകം പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.
- Trauma Care/First Aid training പരമാവധി റോഡ് ഉപയോക്താക്കൾക്കു നൽകുക.
- എല്ലാ ആഴ്ചയിലും ആ ആഴ്ചയിലുണ്ടായ അപകടങ്ങൾ വിലയിരുത്തുന്നതിനായി യോഗം വിളിക്കുക.